Minister for Education, Labour and Civil Supplies **(Sri. Panampilli Govinda Menon):**

(*a*) Yes.

(*b*) The application was received by the Divisional Forest Officer, Malayattur on 4th Makaram 1124.

(*c*) The application was placed before the Moovattupuzha Food Committee for consideration. Land was not sanctioned as the application did not satisfy the conditions as per the resolutions passed by the Committee.

ഭക്ഷ്യക്ഷാമം

* ൭൫൮. (൯ ൫) ശ്രീ. എസ്സ്. കുട്ടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പു് മന്ത്രി സദയം മറുപടി പറയുമോ.—

(എ) ഐക്യസംസ്ഥാനത്തു സമീപകാലത്തു നേരിട്ട ഭക്ഷ്യക്ഷാമം പരിഹരിക്കുവാൻ ഗവണ്മെൻറു് ശ്രമിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതെന്താണു്;

(ബി) കേന്ദ്രഗവണ്മെണ്ടിൽനിന്നും അതു സംബന്ധിച്ചു സഹായം അഭ്യർത്ഥിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെങ്കിലും സഹായം ലഭിച്ചോ?

വിദ്യാഭ്യാസവും, തൊഴിലും, സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഉണ്ടു്. ആവശ്യത്തിനുവേണ്ട ഭക്ഷ്യധാന്യങ്ങൾ ഉടനടി അയച്ചുതരുന്നതിനു ഇന്ത്യാഗവണ്മെണ്ടിനോടു ആവശ്യപ്പെട്ടുകയും ഭക്ഷ്യവകുപ്പു മന്ത്രി ഇവിടത്തെ സ്ഥിതിഗതികൾ ഇൻഡ്യാഗവണ്മെണ്ടധികൃതന്മാരെ നേരിട്ടു ധരിപ്പിക്കുകയും ചെയ്തു. കൂടാതെ സംസ്ഥാനത്തിനകത്തു നെല്ലെടുപ്പു് ഊർജ്ജിതപ്പെടുത്തി കിട്ടാവുന്ന നെല്ലു് മുഴുവൻ എടുത്തും ജന്മികളോടും വലിയ കൃഷിക്കാരോടും വായ്പ വാങ്ങിയും വിതരണം നടത്തുകയുണ്ടായി. നെല്ലൊ അരിയൊ കുറവായ സ്ഥലങ്ങളിലെല്ലാം കുറവു പരിഹരിക്കത്തക്കവണ്ണം ഗോതമ്പു കൊടുക്കുന്നതിനു വേണ്ട ഏർപ്പാടുകളും ചെയ്തിരുന്നു.

(ബി) ഉണ്ടു്. വലിയ സഹായമൊന്നും ലഭിച്ചില്ലെങ്കിലും ഈ സംസ്ഥാനത്തേക്കു കിട്ടേണ്ടതായ കോട്ടാ ബാക്കി കഴിയുന്നതും വേഗത്തിൽ ലഭിക്കുവാൻ വേണ്ട ഏർപ്പാടുകൾ ഇൻഡ്യാഗവണ്മെൻറു ചെയ്തുകയുണ്ടായി.

പിരിച്ചുവിടപ്പെട്ട അദ്ധ്യാപകർ

* ൭൫൯. (൯ ൬) സാഹിബു് ബഹദൂർ ടി. എ. മൈതീൻകുഞ്ഞു്: തഴെപറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട വിദ്യാഭ്യാസ മന്ത്രി സദയം മറുപടി നൽകുമോ.—

(എ) സ്കൂളുകളിൽ ഷിഫ്റ്റു സമ്പ്രദായം ഏർപ്പെടുത്തിയതുമൂലം പിരിച്ചുവിടപ്പെട്ട അദ്ധ്യാപകന്മാരെ മുഴുവനും തിരിച്ചെടുക്കുന്നതിനു് ഗവണ്മെണ്ടു തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ കരുനാഗപ്പള്ളിതാലൂക്കിലെ സ്കൂളുകളിൽ നിന്നും പിരിച്ചുവിടപ്പെട്ട അദ്ധ്യാപകരെ ഇനിയും തിരിച്ചെടുത്തിട്ടില്ലാത്തതു എന്തുകൊണ്ടാണു്?

വിദ്യാഭ്യാസവും, തൊഴിലും, സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ)

(എ) ഉണ്ടു്.

(ബി) ഇതിനുവേണ്ട ഉത്തരവു് അയച്ചിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly